# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.468      24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം</u>**

| | | |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി കാരണം അടുത്തിടെ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ ; ഏതൊക്കെ ഇടപാടുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ തുടർച്ചയായി ഉടലെടുത്ത ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി- പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |
| (ബി) | 2017-18-ൽ ഇതുവരെ ട്രഷറി വഴിയുള്ള വായ്പ വാങ്ങൽ ഉൾപ്പെടെ എത്ര കോടി രൂപ സംസ്ഥാനം വായ്പയെടുത്തു ; അതിൽ കടപ്പത്രം വഴി സമാഹരിച്ചത് എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ കടപ്പത്രം മുഖേന 16,000 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ട്രഷറി മുഖാന്തിരം സർക്കാർ വായ്പ എടുക്കാറില്ല. എന്നാൽ ക്ഷേമനിധി ബോർഡുകൾ, കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ട്രഷറിയിലൂടെ സ്ഥിരനിക്ഷേപം സമാഹരിക്കാറുണ്ട്. |

| | | |
|---|---|---|
| (സി) | വിവിധ വകുപ്പുകൾ ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുകയിൽ എത്ര തുക സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് തിരിച്ചെടുക്കുകയുണ്ടായിയെന്ന് വെളിപ്പെടുത്താമോ ; | വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനത്തിനുള്ള പണം സഞ്ചിത നിധിയിൽനിന്നും മാറ്റി എസ്.റ്റി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന രീതി കാലങ്ങളായി തുടരുന്നുണ്ട്. ഇങ്ങനെ എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ട തുക അനുവദനീയ വായ്പാപരിധിയിൽപ്പെടുമെന്നും, അതുകൂടി കണക്കാക്കുമ്പോൾ 2016-17-ൽ വായ്പാപരിധി 18,524 കോടി രൂപയിൽ അധികരിച്ചെന്നുമുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചു. തന്മൂലം 2017-18-ന്റെ അവസാനപാദ വായ്പയായ 6,100 കോടി രൂപ വിപണിയിൽനിന്നും കടമെടുക്കാൻ അനുവദിക്കില്ല എന്നും കേന്ദ്രസർക്കാർ നിലപാടെടുത്തു. നടാടെയാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത്. ഈ ബുദ്ധിമുട്ട് മറികടക്കുന്നതിന് 14-12-17-ലെ സ.ഉ.(പി) നം 156/2017/ധന പ്രകാരം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ സൂക്ഷിച്ചിരുന്ന 5,630 കോടി രൂപ തിരിച്ചു ക്രമീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ളത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ? ആയതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എന്നത്തേയ്ക്ക് പ്രസ്തുത നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുമെന്ന് അറിയിക്കുമോ ? | നടപ്പ് സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക തീർക്കുന്നതിനായി മാത്രം 2470.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 608.92 കോടി രൂപ കരാറുകാർക്ക് നൽകുവാനുണ്ട്. ബില്ലുകൾ മാറുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിച്ചുവരുന്നു. സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം 2017 സെപ്തംബർ വരെയുള്ള ബില്ലുകളുടെ വിശദാംശങ്ങൾ/ പ്രൊപ്പോസൽ സെക്ഷനിൽ ലഭ്യമായിട്ടുണ്ട്. മെയ് 2017 വരെയുള്ള ബില്ലുകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കുടിശ്ശികയും മുൻഗണനാക്രമത്തിൽ തന്നെ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ